# പതിനാലാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1828
### 04.05.2017 ലെ മറുപടിയ്ക്ക്

**ട്രഷറികളിൽ നടപ്പിലാക്കിയ ഐ.എഫ്.എം.എസ്**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. കെ. ദാസൻ | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ മന്ത്രി<br>ശ്രീ. റ്റി. എം. തോമസ് ഐസക്ക് |
| (എ) | സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിയ ഐ.എഫ്.എം.എസിന്റെ ഭാഗമായി രൂപം കൊടുത്ത കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളിൽ വന്നിട്ടുള്ള പിശകുകൾ കാരണം ട്രഷറിയിൽ ഇടപാടുള്ള പെൻഷൻകാർക്കും ചലാൻ ഇടപാടുകൾക്കായി എത്തുന്ന പൊതുജന ത്തിനു വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഐ.എഫ്.എം.എസിന്റെ ഭാഗമായുള്ള കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളുടെ പിശകുകൾ കാരണം പെൻഷൻകാർക്കും മറ്റ് ഇടപാടുകാർക്കും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | എൻ.ഐ.സി. തലത്തിൽ പരിശോധിച്ച് ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളിൽ പിശകുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ആയത് പരിശോധിച്ച് ഉചിതമായ പരിഹാര നടപടികൾ സത്വരമായി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ